# മാറ്റങ്ങൾ വരുത്തുന്നതെന്തിന്?

- പ്രാദേശിക സ്കൂൾ ജില്ലകൾ ഹാജർ നയങ്ങളും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തണമെന്ന് Pennsylvania ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ നിർബന്ധിതമാക്കി.

- Lower Moreland ടൗൺഷിപ്പ് സ്കൂൾ ഡിസ്ട്രിക്റ്റ് വിദ്യാർത്ഥികൾ സ്കൂളിൽ നിന്നുമുള്ള അവസരങ്ങളും നേട്ടങ്ങളും മനസ്സിലാക്കണമെന്ന് വിശ്വസിക്കുന്നു, അവർക്ക് ഹാജർ ഉണ്ടായാൽ മാത്രം പോര, സ്കൂളുമായി അർത്ഥവത്തായ രീതിയിൽ ബന്ധമുണ്ടായിരിക്കുകയും വിജയിക്കുകയും ചെയ്യണം.

- വിദ്യാർത്ഥികളുടെ അലസ സ്വഭാവം മികച്ച രീതിയിൽ മാറ്റുന്നതിന് സ്കൂളിൽത്തന്നെ അവരെ നിലനിർത്തുന്നതിനായി ജില്ല നന്നായി പരിശ്രമിക്കുന്നു മാത്രമല്ല കോടതികൾ, ശിശുക്ഷേമം, അല്ലെങ്കിൽ ദുർഗുണ നിയമ സംവിധാനങ്ങൾ എന്നിവയിൽ എത്തിപ്പെടുന്നതും കുറയ്ക്കുന്നു.

- നിയമാനുസൃതമല്ലാതെ ഹാജരില്ലാത്ത വിദ്യാർത്ഥികൾക്ക് കർശനമായും അടിയന്തിരമായും അറിയിപ്പ് നൽകുന്നതും ഞങ്ങളുടെ പുതിയ നടപടിക്രമങ്ങളിൽ ഉൾപ്പെടുന്നു. അക്കാഡമിക് പരാജയത്തിന് കാരണമാകാവുന്ന പതിവ് അലസതകളിൽ നിന്ന് വിദ്യാർത്ഥികളെ മോചിപ്പിക്കാനായി നേരത്തെയുള്ള ഇടപെടലാണ് ഞങ്ങളുടെ ലക്ഷ്യം.

Lower Moreland Township School District

# അലസതയുടെ കാരണങ്ങളും ഫലങ്ങളും

അലസത മിക്കവാറും ധാരാളം ഗുരുതര പ്രശ്നങ്ങൾക്കുള്ള ഒരു ലക്ഷണമാണ്. അലസതാ നിയമങ്ങൾ പ്രയോഗിക്കുന്നതിലൂടെ ഇടപെടൽ പ്രക്രിയ തുടങ്ങുകയും അത് പ്രതിസന്ധിയിലായ കുടുംബങ്ങൾക്ക് സഹായകമാകുകയും ചെയ്യും.

***കുട്ടികൾ ഇവ അനുഭവിക്കുന്നവരായിരിക്കാം:***

- അമിത സമ്മർദ്ദം
- വേർപെടൽ അല്ലെങ്കിൽ കുടുംബത്തിലെ വിവാഹമോചനം
- പീഡനം അല്ലെങ്കിൽ അവഗണന
- മാനസികമോ ശാരിരികമോ ആയ ആരോഗ്യ പ്രശ്നങ്ങൾ
- കുടുംബത്തിലെ ലഹരിമരുന്നിന്റെയോ ആൾക്കഹോൾ ഉപയോഗമോ
- അടിയ്ക്കടി കുടുംബം സ്ഥലം മാറുന്നത്
- ആത്മവിശ്വാസക്കുറവ്
- കുടുംബത്തിലെ സാമ്പത്തിക പ്രശ്നങ്ങൾ
- കൂട്ടുകാരുടെ കുറവ്
- തെറ്റായ സാമൂഹിക ഇടപെടലുകൾ
- പഠനത്തിൽ ഉയർച്ച നേടുന്നതിൽ ബുദ്ധിമുട്ട്
- വിരസത

***അലസതയുടെ ഫലങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടാം:***

- പഠിക്കാനുള്ള കഴിവ് കുറയുക
- സ്കൂളിലെ പ്രവർത്തനങ്ങളിലേർപ്പെടാൻ ബുദ്ധിമുട്ടുകയും അത് പരാജയത്തിലേയ്ക്ക് നയിക്കുകയും ചെയ്യുക
- അതിക്രമിച്ച് കയറൽ, നശിപ്പിക്കൽ, മോഷ്ടിക്കൽ തുടങ്ങിയ പകൽസമയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടൽ
- സ്കൂളുകളിൽ നിന്ന് പറഞ്ഞുവിടുന്നതിനുള്ള അധിക സാധ്യത
- തൊഴിൽരഹിതനായിരിക്കാനുള്ള വർദ്ധിച്ച സാധ്യത

## Lower Moreland ടൗൺഷിപ്പ് സ്കൂൾ ഡിസ്ട്രിക്റ്റ്

# ജില്ലാ ഹാജർ നയം



**2010-2011**


**Lower Moreland ടൗൺഷിപ്പ് സ്കൂൾ ഡിസ്ട്രിക്റ്റ്**
2551 മുറെ അവന്യൂ
ഹണ്ടിംഗ്ടൺ വാലി, PA 19006
215-938-0270; 215-947-6933 (ഫാക്സ്)

# 2010-2011
# നയ മാറ്റങ്ങൾ

**2010-2011 സ്കൂൾ വർഷത്തിൽ ബാധകമായ തരത്തിൽ, Lower Moreland ടൌൺഷിപ്പ് സ്കൂൾ ഡിസ്ട്രിക്റ്റ് പുതിയ ഹാജർ നടപടിക്രമങ്ങൾ ഉപയോഗിക്കും.**

**അവ ഇനിപ്പറയുന്നവയാണ്:**

- പെൻസിൽവാനിയ സ്റ്റേറ്റിൽ ഗ്രേഡ് ഒന്നിൽ (1) തുടങ്ങുന്ന സ്കൂളിൽ ഹാജർ നിർബന്ധമാണ്.
- ഒരു ഹാജരില്ലായ്മ അംഗീകരിക്കുന്നതിന്, രക്ഷിതാവ് ഒരു ബ്ലൂ കാർഡ് ഹാജരാക്കണം. ഈ അംഗീകരിക്കൽ ഇലക്ട്രോണിക് മാർഗത്തിലൂടെ ബിൽഡിംഗ് അറ്റൻഡൻസ് സെക്രട്ടറിക്ക് ഇമെയിലായോ ഫാക്സായോ അയയ്ക്കാം.
- ഹാജരാകാത്തതിന് ശേഷമുള്ള അഞ്ച് (5) സ്കൂൾ ദിവസത്തിനകം ബിൽഡിംഗ് അറ്റൻഡൻസ് സെക്രട്ടറിക്ക് ബ്ലൂ കാർഡ് സമർപ്പിച്ചിരിക്കണം.
- അഞ്ച് (5) സ്കൂൾ ദിവസത്തിനകം ബ്ലൂ കാർഡ് ലഭിച്ചില്ലെങ്കിൽ, ഹാജരില്ലായ്മ(കൾ) സ്ഥിരമായി നിയമാനുസൃതമല്ലാത്ത ഹാജരില്ലായ്മയായി കണക്കാക്കും.
- അഞ്ച് (5) അല്ലെങ്കിൽ അതിൽ കൂടുതൽ ദിവസം സ്കൂളിൽ ഹാജരാകാതിരിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് ലൈസൻസുള്ള ഒരു മെഡിക്കൽ അതോറിറ്റിയിൽ നിന്നുള്ള രേഖാമൂലമുള്ള കുറിപ്പ് ഹാജരാക്കാൻ തുടർന്നും ആവശ്യപ്പെടും.

# എന്താണ് നിയമാനുസൃതമല്ലാത്ത ഹാജരാകാതിരിക്കൽ?

അഞ്ച് (5) സ്കൂൾ ദിവസങ്ങൾക്കകം മാതാപിതാക്കൾ/രക്ഷിതാവ് അംഗീകരിക്കാത്ത ഹാജരില്ലായ്മ നിയമാനുസൃതമല്ലാത്തതായി പരിഗണിക്കും.

- ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും നിയമാനുസൃതമല്ലാത്ത ഹാജരില്ലായ്മകൾ ജില്ല മാതാപിതാക്കളെ/രക്ഷിതാവിനെ അറിയിക്കും.
- മൂന്നാമത്തെ നിയമാനുസൃതമല്ലാത്ത ഹാജരില്ലായ്മയ്ക്ക് ശേഷം, ജില്ല അലസതയും അലസത നിർമാർജന പദ്ധതിയും ചർച്ച ചെയ്യാനായി ഒരു സ്കൂൾ-കുടുംബ കോൺഫറൻസ് സംഘടിപ്പിക്കും ("അലസത നിർമാർജന പദ്ധതിയിൽ എന്താണ് സംഭവിക്കുന്നത്?" എന്നത് കാണുക)
- നാലാമത്തെയും അതുനെത്തുടർന്നുമുള്ള എല്ലാ നിയമാനുസൃതമല്ലാത്ത ഹാജരില്ലായ്മകളും മജിസ്റ്റീരിയൽ ജില്ലാ ജഡ്ജിലേയ്ക്കോ പ്രാദേശിക ബാല്യ,യുവജന ഏജൻസിയിലേയ്ക്കോ റഫർ ചെയ്യുന്നതിലേയ്ക്ക് നയിക്കും.
- The Lower Moreland ടൌൺഷിപ്പ് സ്കൂൾ ഡിസ്ട്രിക്റ്റ് കമ്യൂണിറ്റി സാമൂഹ്യ സേവന ഏജൻസികളിൽ നിന്നുള്ള സഹായത്തിനായുള്ള റെഫറൽ വിവരങ്ങളും പിന്തുണയും നൽകുന്നതിനായി കുടുംബവുമൊന്നിച്ച് പ്രവർത്തിക്കും.

# ഒരു അലസത ഒഴിവാക്കൽ പദ്ധതി (ടിഇപി) യോഗത്തിൽ എന്ത് സംഭവിക്കും?

ടിഇപി യോഗത്തിൽ, വിദ്യാർത്ഥിയുടെ സ്കൂൾ ഹാജർനില വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾ നിർദേശിക്കാൻ എല്ലാവർക്കും അവസരമുണ്ടാകും. യോഗത്തിൽ വിദ്യാർത്ഥിയുടെയും കുടുംബത്തിന്റെയും പങ്കാളിത്തം ഒരു അവശ്യ ഘടകമാണ്.

**നമ്മൾ ഇവ ചർച്ച ചെയ്യും:**

- വിദ്യാർത്ഥിയുടെ കഴിവുകൾ;
- വിദ്യാർത്ഥിയുടെ ഹാജറിനെ ബാധിക്കുന്ന സ്കൂളിലുള്ള ഏതെങ്കിലും ഘടകങ്ങൾ;
- സാമൂഹ്യ, വൈകാരിക, ശാരീരിക, മാനസിക അല്ലെങ്കിൽ സ്വഭാവ ആരോഗ്യ പ്രശ്നങ്ങൾ;
- കുടുംബത്തേയും കുടുംബാന്തരീക്ഷത്തേയും സംബന്ധിച്ച പ്രശ്നങ്ങൾ;
- വിദ്യാർത്ഥിയുടെ ഹാജറിനെ ബാധിക്കുന്ന മറ്റ് ഘടകങ്ങൾ.

വിദ്യാർത്ഥിയുടെ ഹാജർ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതിനായി സംഘം ഒരു പദ്ധതി വികസിപ്പിച്ചെടുക്കും. അനുസരണയുടെ നല്ല ഫലങ്ങളും അനുസരണക്കേടിന്റെ ഭവിഷ്യത്തുക്കളും പദ്ധതിയിൽ ഉൾപ്പെടുത്തും.